"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ശ്രീ.ബിജോയ് വി, എ ആർ എച്ച് സി **3312**- ന് കേരള പോലീസ് അക്കാദമി ക്വാർട്ടേഴ്സ് -ജി **43** ൽ **01.01.2026** മുതൽ **31.12.2026** വരെ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.780/2026/HOME തീയതി,തിരുവനന്തപുരം, 01-03-2026

---

പരാമർശം:- 1. ശ്രീ.ബിജോയ് വി, എ.ആർ.എച്ച്.സി യുടെ **16.11.2025** ലെ അപേക്ഷ.

2. സംസ്ഥാന പോലീസ് മേധാവിയുടെ 30.12.2025 തീയതിയിലെ H14-242271/2025/PHQ നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.ബിജോയ് വി, എ ആർഎച്ച് സി **3312** കേരള പോലീസ് അക്കാദമി ( **KEPA**) യിൽ പ്രവർത്തിയെടുത്ത് വരവേ ടിയാന് ക്വാർട്ടേഴ്സ് -ജി **43** അലോട്ട് ചെയ്യുകയും തുടർന്ന് ടിയാൻ ഇടുക്കി ജില്ലയിലേക്ക് ട്രാൻസ്ഫർ ആയപ്പോൾ ഡിപ്പാർട്ട്മെന്റ് തലത്തിൽ ടി ക്വാർട്ടേഴ്സിൽ അനുവദനീയമായ തുടർതാമസം അനുവദിക്കുകയും ആയതിന് ശേഷം സർക്കാർ തലത്തിൽ **31.12.2025** വരെ ക്വാർട്ടേഴ്സിലെ താമസം ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. പ്രസ്തുത കാലാവധി അനുവദിക്കുന്ന സാഹചര്യത്തിൽ ടിയാൻ പണി കഴിപ്പിക്കുന്ന വീടിന്റെ ലോൺ , എം ബി ബി എസ്സിന് പഠിക്കുന്ന മകളുടെ വിദ്യാഭ്യാസ ചെലവുകൾ എന്നിവ കാരണം മക്കളെ ഹോസ്റ്റലിൽ നിർത്തുവാനോ വീട് വാടകയ്ക്ക് എടുക്കുവാനോ സാമ്പത്തിക ഭദ്രത ഇല്ലാത്തിനാൽ മക്കളുടെ **internship** ചെയ്യുന്ന കാലാവധിയായ ഡിസംബർ **2026** വരെ ക്വാർട്ടേഴ്സ് തുടർതാമസം അനവദിക്കണമെന്ന് ടിയാൻ പരാമർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചു. കേരള പോലീസ് അക്കാദമിയിൽ ക്വാർട്ടേഴ്സിനായി നിലവിൽ അപേക്ഷകളൊന്നും പെൻഡിംഗ് ഇല്ലെന്ന് കേരള പോലീസ് അക്കാദമി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ശ്രീ.ബിജോയ് വി, എ ആർ എച്ച് സി **3312** ന് കേരള പോലീസ് അക്കാദമി ക്വാർട്ടേഴ്സ് -ജി **43** ൽ **01.01.2026** മുതൽ **31.12.2026** വരെ തുടർ താമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം **(2)** പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചു.

2.മേൽ വിഷയം സർക്കാർ പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയും ശ്രീ.ബിജോയ് വി യുടെ അപേക്ഷയും പരിഗണിച്ച് ശ്രീ.ബിജോയ് വി, എ ആർ എച്ച് സി 3312 ന് കേരള പോലീസ് അക്കാദമി ക്വാർട്ടേഴ്സ്-ജി 43 ൽ, 01.01.2026 മുതൽ 31.12.2026 വരെ, ഒരു തവണ കൂടി, തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷമീം മുഹമ്മദ് ബി എം
അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.
2.ഡയറക്ടർ,കേരള പോലീസ് അക്കാദമി, തൃശ്ശൂർ.
3. ശ്രീ.ബിജോയ് വി, എ ആർ എച്ച് സി 3312 (ഡയറക്ടർ,കേരള പോലീസ് അക്കാദമി മുഖേന)
4.കരുതൽ ഫയൽ(HOME-D3/28/2026-HOME ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
Signed by
Santhosh Mon T
Date: 02-03-2026 11:42:10
സെക്ഷൻ ഓഫീസർ

പകർപ്പ്,
1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
2.ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്